എന്നിവ ഒഴിച്ചുള്ള കരടു നിയമങ്ങൾ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും, കേരള സ്റ്റാമ്പ് (ഭേദഗതി) ബിൽ പാസാക്കി നടപ്പിൽവരുത്തി. കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാസ് ബിൽ, കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, കേരള മുൻസിപ്പാലിറ്റി (ഭേദഗതി) ബിൽ, കേരള റിപ്പീലിംഗ് ആന്റ് അമെന്റിംഗ് ബിൽ, കേരള ഭൂ പരിഷ്ക്കരണ (ഭേദഗതി) ബിൽ എന്നീ ബില്ലുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റ് ബില്ലുകൾ ബന്ധപ്പെട്ട വകുപ്പുകളുടെ പരിഗണനയിലാണ്.

(ബി) നിയമ പരിഷ്കരണ സെൽ കമ്മിറ്റി സമർപ്പിച്ച അതിന്റെ ഒന്നാം റിപ്പോർട്ടിൽ കാലഹരണപ്പെട്ട 102 നിയമങ്ങളും 595 ഭേദഗതി നിയമങ്ങളും ഉൾപ്പെടെ 697 നിയമങ്ങൾ നിയമ പുസ്തകത്തിൽനിന്നും ഒഴിവാക്കപ്പെടേണ്ടതാണെന്ന് സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. ഇതിലേക്ക് ഒരു ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പതിനാറ് പുതിയ നിയമങ്ങളും ഒമ്പത് ഭേദഗതി നിയമങ്ങളും നിയമ പരിഷ്ക്കരണത്തിന്റെ ഭാഗമായി കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

(സി) പിരിവ് (എ)-യുടെ ഉത്തരത്തിൽ പരാമർശിച്ചിരിക്കുന്ന രീതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

ചാത്തന്നൂർ താലൂക്ക് രൂപീകരിക്കാൻ നടപടി

2 [1332] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം താലൂക്കുകൾ പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്;

(ബി) ഈ പുനഃസംഘടനയിൽ കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ താലൂക്ക് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)—(ബി) താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എസ് സുന്ദരേശനെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിരുന്നു. എന്നാൽ ഫോർവേഡ് മാർക്കറ്റ്സ് കമ്മീഷൻ ചെയർമാനായി നിയമിതനായതിനാൽ അദ്ദേഹത്തിന് റിപ്പോർട്ട് സമർപ്പിക്കാൻ കഴിഞ്ഞില്ല. പുതിയ കമ്മീഷനെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly